# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2328 — 01.04.2013 ൽ മറുപടിക്ക്

### റാന്നി താലൂക്ക് ആശുപത്രിയോട് കാണിക്കുന്ന അവഗണന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) റാന്നി പ്രൈമറി ഹെൽത്ത് സെന്ററിനെ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയാക്കി ഉയർത്തിയത് എന്നാണ്; റാന്നി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സിൽ നിലവിൽ അനുവദിച്ചിട്ടുള്ള തസ്തികകൾ ഏതൊക്കെ എന്നും അതിൽ ഇപ്പോൾ വേക്കന്റ് ആയി കിടക്കുന്നവ ഏതൊക്കെ എന്നും വ്യക്തമാക്കാമോ; | (എ) 03.12.93 ലെ ജി.ഒ (എം.എസ്) 143/93/ആ.കു.വ പ്രകാരമാണ് പ്രൈമറി ഹെൽത്ത് സെന്ററായിരുന്ന റാന്നിയെ താലൂക്കാശുപത്രിയായി ഉയർത്തിയത്. |

| നിലവിൽ അനുവദിച്ച തസ്തിക | | ഒഴിവ് |
|---|---|---|
| സൂപ്രണ്ട് | 1 | |
| **ജൂനിയർ കൺസൾട്ടന്റ്** | | |
| മെഡിസിൻ | 2 | 2 |
| സർജറി | 1 | 1 |
| ഗൈനക്കോളജി | 1 | |
| പീഡിയാട്രിസ്റ്റ് | 1 | |
| ഓർത്തോ | 1 | |
| അനസ്തേഷ്യാ | 1 | |
| **മെഡിക്കൽ കൺസൾട്ടന്റ്** | | |
| ഗൈനക്കോളജി | 1 | 1 |
| ഓർത്തോ | 1 | |
| കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ | 3 | |
| ലേ സെക്രട്ടറി | 1 | |
| ഫാർമസിസ്റ്റ് സ്റ്റോർകീപ്പർ | 1 | |
| സ്റ്റാഫ് നഴ്സ് | 12 | (vacant 1) |
| ഒപ്താൽമിക് അസിസ്റ്റന്റ് | 1 | |
| റേഡിയോഗ്രാഫർ | 1 | |
| ഡ്രൈവർ | 1 | (vacant 1) |
| എൽ.ഡി /യു.ഡി ക്ലാർക്ക് | 2 | |
| എൽ.ഡി ടൈപ്പിസ്റ്റ് | 2 | (vacant 1) |
| നഴ്സിംഗ് അസിസ്റ്റന്റ് | 4 | (vacant 1) |
| ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് I | 1 | |
| ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് II | 5 | |
| ഓഫീസ് അറ്റന്റന്റ് | 1 | (vacant 1) |
| പാർട്ട് ടൈം സ്വീപ്പർ | 1 | |

| | | | |
|---|---|---|---|
| (ബി) | താലൂക്ക് ആശുപത്രി നിലവാരത്തിനു വേണ്ട തസ്തികകളുടെ എണ്ണം എത്ര എന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ; | (ബി) | ഡോക്ടർമാർ 5 മുതൽ 10 വരെ (സ്പെഷ്യലിസ്റ്റുകൾ ഉൾപ്പെടെ)<br>ലേ സെക്രട്ടറി & ട്രഷറർ 1<br>ഫാർമസിസ്റ്റ് സ്റ്റോർകീപ്പർ 1<br>ഹെഡ് നഴ്സ് 2<br>സ്റ്റാഫ് നഴ്സ് 15<br>ഫാർമസിസ്റ്റ് 1<br>എക്സ്റേ ടെക്നിഷ്യൻ 1<br>റേഡിയോഗ്രാഫർ 1<br>ഡ്രൈവർ 1<br>എൽ.ഡി /യു.ഡി ക്ലാർക്ക് 4<br>ഹെഡ് ക്ലാർക്ക് 1<br>ജൂനിയർ സൂപ്രണ്ട് 1<br>നഴ്സിംഗ് അസിസ്റ്റന്റ് 5<br>ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് I 2<br>ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് II 6<br>ഓഫീസ് അറ്റന്റന്റ് 2<br>പാർട്ട് ടൈം സ്വീപ്പർ 2 |
| (സി) | റാന്നി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സിലെ ഐ.സി.യു എന്നാണ് സജ്ജമാക്കിയത്; ഇതിനായി എത്ര തുകയാണ് ചെലവഴിച്ചത്; ഇത് ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (സി) | 10.01.2009 ൽ ഐ.സി.യു. സജ്ജമാക്കി. 311451 രൂപ ചെലവഴിച്ചു. 2 ഫിസിഷ്യന്റെ തസ്തിക ഒഴിഞ്ഞ് കിടക്കുന്നതിനാൽ ഇപ്പോൾ ഐ.സി.യു ഭാഗികമായി പ്രവർത്തിക്കുന്നില്ല. |
| (ഡി) | ഇവിടെ ഓപ്പറേഷൻ തിയേറ്റർ സജ്ജമാക്കുന്നതിന് എം.എൽ.എ. യുടെ പ്രത്യേക വികസന ഫണ്ട് ഉപയോഗിച്ചിട്ടുണ്ടോ; എങ്കിൽ എത്ര; ഇതുപയോഗിച്ച് വാങ്ങിയ ഉപകരണങ്ങൾ എന്തൊക്കെ; റാന്നി ബ്ളോക്ക് പഞ്ചായത്ത് ഇവിടെ തുക ചെലവഴിച്ചിട്ടുണ്ടോ; എങ്കിൽ എത്ര; ഈ തുക ഉപയോഗിച്ചത് എന്തിനുവേണ്ടിയാണ്; | (ഡി) | എം.എൽ.എ പ്രത്യേക വികസന ഫണ്ട് 4,21,145/- രൂപ ഉപയോഗിച്ചിട്ടുണ്ട്. ഇത് ഉപയോഗിച്ച് ഓപ്പറേഷൻ തീയേറ്ററിനായി 35 തരം ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. റാന്നി ബ്ലോക്ക് പഞ്ചായത്ത് 5 ലക്ഷം രൂപ ഓപ്പറേഷൻ തീയേറ്റർ നവീകരണത്തിനായി അനുവദിച്ചിട്ടുണ്ട്. |
| (ഇ) | ഈ സർക്കാർ അധികാരമേറ്റെടുത്തശേഷം പത്തനംതിട്ട ജില്ലയിലെ വിവിധ ആശുപത്രികളിൽ അനുവദിച്ച തസ്തികകൾ ഏതൊക്കെ എന്ന് ആശുപത്രിയുടെ പേരുകൾ സഹിതം വ്യക്തമാക്കാമോ; | (ഇ) | 19.4.2012 ലെ ജി. ഒ (എം.എസ്) 122/12/ആ.കു.വ പ്രകാരം പത്തനംതിട്ട ജില്ലയിൽ 5 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 വിന്റെ തസ്തികയും 27.11.2012 ലെ ജി. ഒ (എം.എസ്) 396/12 ആ.കു.വ പ്രകാരം അടൂർ ജനറൽ ആശുപത്രിയിൽ 4 ഡോക്ടർ മാരുടെയും 15 സ്റ്റാഫ് നഴ്സിന്റെയും കോഴഞ്ചേരി ആശുപത്രിയിൽ 5 ഡോക്ടർമാരുടെയും 10 സ്റ്റാഫ് നഴ്സിന്റെയും പത്തനംതിട്ട ജനറൽ ആശുപത്രിയിൽ 8 ഡോക്ടർമാരുടെയും 15 സ്റ്റാഫ് നഴ്സിന്റെയും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. 04.02.2012 ലെ സ.ഉ. (എം.എസ്) നം. 42/12/ആ.കു.വ പ്രകാരം നിലക്കൽ പി.എച്ച്.സി യിൽ 2 ഡോക്ടർമാരുൾപ്പെടെ 9 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. |

| | |
|---|---|
| (എഫ്) ശബരിമലയുടെ താലൂക്ക് ആശുപത്രിയായ റാന്നി താലൂക്കാശുപത്രിയോട് കാണിക്കുന്ന ഈ അവഗണന അവസാനിപ്പിക്കുന്നതിനും ഈ ആശുപത്രിയിലെ നിലവിലുള്ള സ്പെഷ്യാലിറ്റി കേഡറുകളിലെ ഒഴിവുകളായ സർജൻ(1) ഗൈനക്കോളജിസ്റ് എന്നിവയടക്കമുള്ളത് നികത്തുന്നതിനും, താലൂക്കാശുപത്രി നിലവാരത്തിലുള്ള ബാക്കി തസ്തികകൾ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (എഫ്) റാന്നി താലൂക്കാശുപത്രിയിൽ ഇപ്പോൾ നിലവിൽ ഒഴിവുള്ള കൺസൾട്ടന്റ് ഗൈനക്കോളജി തസ്തികയിലേക്ക് പ്രമോഷൻ മുഖേന നികത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. ജൂനിയർ കൺസൾട്ടന്റ് മെഡിസിൻ സർജറി ഒഴിവിലേക്കായി ഇപ്പോൾ സർവ്വീസിൽ ഉള്ള അസിസ്റ്റന്റ് സർജൻമാരിൽ പി.ജി. ബിരുദമുള്ളവരിൽ നിന്നും ഓപ്ഷൻ വാങ്ങി ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ബാക്കി തസ്തികകൾ അനുവദിക്കുന്ന കാര്യം പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ